# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3475 — 20.06.2018 ൽ മറുപടിക്ക്

## അക്രമങ്ങൾ നടത്തിയവർക്കെതിരെയുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | പിണറായി വിജയൻ (മുഖ്യമന്ത്രി) |

(എ) മോഷണം, പിടിച്ചുപറി, ഗുണ്ട ആക്രമണം, സ്ത്രീപീഡനം, കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ, കൊലപാതകങ്ങൾ, മറ്റ് വിധ്വംസക പ്രവർത്തനങ്ങൾ എന്നിവയും പാർട്ടി ഓഫീസുകളും വീടുകളും നശിപ്പിക്കുന്നതും തടയുവാനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(എ) മോഷണം, പിടിച്ചുപറി തുടങ്ങിയവ തടയുന്നതിലേക്കായി തിരക്കേറിയ സ്ഥലങ്ങളിലും മറ്റും പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയും, രാത്രിയും പകലും ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷക്കായി അവർക്കെതിരെയുണ്ടാകുന്ന പീഢനങ്ങൾ, ആക്രമണങ്ങൾ, ചൂഷണങ്ങൾ എന്നിവ തടയുന്നതിനായി പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ലൈൻ, സ്ത്രീകളുടെ പരാതികൾ പരാഹരിക്കുന്നതിന് പഞ്ചായത്തുതല അദാലത്തുകൾ, വനിതാ വോളന്റിയർമാരെ ഉൾപ്പെടുത്തി രൂപീകരിച്ച നിർഭയ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. പാർട്ടി ഓഫീസുകൾക്കും വീടുകൾക്കും നേരെയുള്ള ആക്രമണങ്ങൾക്ക് പരിഹാരം കാണുന്നതിലേക്കായി സംസ്ഥാന രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുള്ളതും എല്ലാ പോലീസ് സ്റ്റേഷൻ പരിധികളിലും ആവശ്യമായ ജാഗ്രത പുലർത്തിവരുന്നതുമാണ്. വിധ്വംസക പ്രവർത്തനങ്ങളിലും ഗുണ്ടാ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നവരെ നിരീക്ഷിക്കുന്നതിനായി രഹസ്യാന്വേഷണ പോലീസിനും ലോക്കൽ പോലീസിനും

നിർദ്ദേശങ്ങൾ നൽകിവരുന്നു. ഗുണ്ടകളേയും സാമൂഹ്യ വിരുദ്ധരേയും അമർച്ചചെയ്യുന്നതിന്റെ ഭാഗമായി തുടർച്ചയായി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി നിരീക്ഷണം നടത്തിയും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര സി.പി.ഐ.(എം) ഓഫീസുകളും സി.പി.ഐ.(എം) പ്രവർത്തകരുടെ വീടുകളും നശിപ്പിക്കപ്പെട്ടു; എത്ര പേർക്ക് നേരെ ആക്രമണം ഉണ്ടായി; എത്ര പേർക്ക് ജീവഹാനിയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിവരം ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| നശിപ്പിക്കപ്പെട്ട സി.പി.ഐ.(എം) ഓഫീസുകളുടെ എണ്ണം | 108 |
| നശിപ്പിക്കപ്പെട്ട സി.പി.ഐ.(എം) പ്രവർത്തകരുടെ വീടുകളുടെ എണ്ണം | 205 |
| ആക്രമണം നേരിട്ട സി.പി.ഐ.(എം) പ്രവർത്തകരുടെ എണ്ണം | 816 |
| ജീവഹാനി സംഭവിച്ച സി.പി.ഐ.(എം) പ്രവർത്തകരുടെ എണ്ണം | 3 |

(സി) പ്രസ്തുത കേസ്സുകളിൽ പ്രതികളെ കണ്ടെത്തി അവർക്ക് ശിക്ഷ ഉറപ്പാക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

(സി) പ്രസ്തുത സംഭവങ്ങളിൽ എല്ലാമായി 944 കേസ്സ് രജിസ്റ്റർ ചെയ്യുകയും, 3326 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ ശരിയായ അന്വേഷണം നടത്തി പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ